LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജ് പി. എം. ആർ. വാർഡ് തുടങ്ങുന്നതിലെ കാലതാമസം

125 [950] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1985-ൽ ഉദ്ഘാടനം ചെയ്ത പി.എം.ആർ.-നുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ഇതുവരേയും വാർഡ് തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഡ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പൊതുജന താൽപ്പര്യം കണക്കിലെടുത്ത് ഈ വാർഡ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എം.ആർ.-നുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആലോചിക്കാവുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്ത് കാവിലേക്ക് മാറ്റുന്നതിന് നടപടി

126 [951] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുളങ്കുന്നത്തു കാവിലേക്ക് മാറ്റുമ്പോൾ ആവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിയമനം ത്വരിതപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗമാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിന് ആവശ്യമായ ഓപ്പറേഷൻ തിയേറ്റർ, ലാബ്, എക്സ്റെ യൂണിറ്റുകൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുളങ്കുന്നത്തു കാവിലേക്ക് മാറ്റുന്നതിനാവശ്യമായ 92 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) ഇപ്പോൾ തൃശ്ശൂർ ടൗൺ ആശുപത്രിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ വിഭാഗങ്ങളും മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

(സി) ഓപ്പറേഷൻ തിയേറ്റർ, ലാബുകൾ, എക്സ്റെ യൂണിറ്റുകൾ എന്നിവ സജ്ജീകരിച്ചു വരുന്നു.

ഡി.ഐ.പി.എൻ.ബി. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി

127 [952] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഈ വർഷം ഡി.ഐ.പി.എൻ.ബി. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഈ കോഴ്സുകൾ ഈ വർഷം ആരംഭിക്കുന്നതിന് തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സംസ്ഥാന സർക്കാർ അടയ്ക്കേണ്ട തുക അടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കോഴ്സുകൾ തുടങ്ങുന്നത് വൈകുന്നതുമൂലം സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജുകളിലും എത്ര വീതം ഡോക്ടർമാർക്ക് അവസരം നഷ്ടമാകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഡി.ഐ.പി.എൻ.ബി. പരിശീലനം ഡോക്ടർമാർക്ക് ലഭ്യമല്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഡോക്ടർമാർക്ക് ഉപരിപഠനത്തിന് സാദ്ധ്യത സൃഷ്ടിക്കുന്നതിനും രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി ഈ വർഷം തന്നെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഡി.ഐ.പി.എൻ.ബി. കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 20 കോഴ്സും, കോട്ടയത്ത് 8 കോഴ്സും, കോഴിക്കോട് 15 കോഴ്സുകളുമാണ് നടത്തുന്നത്. ഒരു വർഷം രണ്ടു പ്രാവശ്യമായിട്ടാണ് ഈ കോഴ്സുകൾ ആരംഭിക്കുന്നത്. (ജനുവരി, ജൂൺ മാസങ്ങളിൽ) 2004 ജനുവരി മാസം തുടങ്ങുന്ന കോഴ്സ് ആരംഭിച്ചു കഴിഞ്ഞു. ജൂൺമാസം ആരംഭിക്കേണ്ട കോഴ്സ് ഇതുവരെ തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly